




# flying kites

BY
LITTLE KITES
(2023-2025)

# ഐ.എം.എൻ.എസ്.ജി.എച്ച്.എസ്.എസ്, മയ്യിൽ



നൂറ്റി ഇരുപത്തി അഞ്ച് വർഷത്തെ ചരിത്ര പശ്ചാത്തലം നെഞ്ചേറ്റുന്ന മയ്യിലിന്റെ തിലക ക്കുറിയാണ് ഇട്ടൂഴി മാധവൻ നമ്പൂതിരി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ, മയ്യിൽ. ആയിരത്തി എണ്ണൂറ്റി തൊണ്ണൂറിൽ ശ്രീ. ഇട്ടൂഴി മാധവൻ വൈദ്യർ സ്ഥാപിച്ച കുടിപ്പള്ളിക്കൂടം ആയിരത്തി തൊള്ളായിരത്തി പത്തൊൻപതിൽ നിലത്തെഴുത്ത് പള്ളിക്കൂടമായും ആയിരത്തി തൊള്ളായിരത്തി ഇരുപത്തി ഒന്നിൽ എലമെന്ററി സ്കൂളായും ആയിരത്തി തൊള്ളായിരത്തി ഇരുപത്തി ആറിൽ ഹയർ എലമെന്ററി സ്കൂളായും ഉയർന്നു. ആയിത്തി തൊള്ളായിരത്തി അൻപത്തി ആറിൽ മലബാർ ഡിസ്ട്രിക്റ്റിനു കീഴിലായ സ്കൂൾ ആയിരത്തി തൊള്ളായിരത്തി അൻപത്തി ഏഴിലെ ഇ.എം.എസ് സർക്കാർ ഏറ്റെടുത്തതോടെ മയ്യിൽ ഗവൺമെന്റ് ഹൈ സ്കൂൾ യാഥാർത്ഥ്യമായി. ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഏഴിൽ ഹയർ സെക്കന്ററി കോഴ്സ് ആരംഭിക്കുകയും അടുത്ത വർഷം മഹാനുഭാവനായ ഇട്ടൂഴി മാധവൻ നമ്പൂതിരിയുടെ പേര് സ്കൂളിന് നല്കി

**KANNUR**

**PRINCIPAL**

ANOOP KUMAR MK

**HEADMISTRESS**

SULABHA S

**PTA PRESIDENT**

C PADMANABHAN

**IMNS GHSS**

ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട് ലാബുകളിലുമായി ഏകദേശം അമ്പതോളം കമ്പ്യൂട്ടറുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്. അടുത്തിടെ ഹയർസെക്കണ്ടറിയുടെ പുതിയ മൂന്നുനില കെട്ടിടം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.2016 മുതൽ 8-ാംതരത്തിൽ ആരംഭിച്ച ഇംഗ്ലീഷ് മീഡിയം ക്ലാസ് നല്ല രീതിയിൽ മുന്നോട്ട് പോവുന്നു. സ്കൂൾ ഹൈടെക്ക് ആയതിന്റെ ഭാഗമായ് ഓരോ ക്ലാസിലേക്കും പ്രജക്ടറും , വൈറ്റ് ബോർഡും ലാപ്ടോപ്പും അനുവദിച്ചിട്ടുണ്ട്.

**ഇട്ടൂഴി മാധവൻ നമ്പൂതിരി സ്മാരക ഗവണ്മെന്റ് ഹയർസെക്കണ്ടറി സ്കൂൾ, മയ്യിൽ**

**വിലാസം**

| | |
|---|---|
| നിർദ്ദേശാങ്കം | മയ്യിൽ പി.ഒ, കണ്ണൂർ,കേരളം - 670602<br>Ph: 04602275250<br>Mail: imnsghssmayyil@gmail.com |

**വിവരങ്ങൾ**

| | |
|---|---|
| ആരംഭം | 1957 |
| Locale | മയ്യിൽ |
| അധികാരി | സർക്കാർ |
| വിഭാഗം | പൊതു വിദ്യാലയം |
| സ്കൂൾ കോഡ് | 13056 |
| ഹെഡ്മാസ്റ്റർ | സുലഭ എസ് |
| ക്ലാസുകൾ | അപ്പർ പ്രൈമറി, ഹൈസ്കൂൾ, എച്ച്.എസ്.എസ് |
| ഭാഷാ മീഡിയം | മലയാളം,ഇംഗ്ലീഷ് |

**Editors : Little Kites Members, IMNS GHSS Mayyil, Kannur.**

# ഉള്ളടക്കം


01. വിദ്യാലയത്തെക്കുറിച്ച് 05

02. ആശംസ 06

03. ഇട്ടൂഴി മാധവൻ നമ്പൂതിരി 08

04. കാന്തിയേറ്റം കാന്തല്ലൂർ 09

05. കൊട്ടാരങ്ങളുടെ നാട്ടിലേക്ക് 10

06. കവിതകൾ 11

07. ARTS CLUB 14

08. ECO CLUB 15

09. SPC 16

10. JRC 18

11. NCC 20

12. LITTLE KITES ACTIVITIES 22

13. KITES FREEDOM FEST 23

14. SCIENCE FAIR 24

15. EDITORIAL BOARD 25


# വിദ്യാലയത്തെക്കുറിച്ച്



കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ നിസ്തുലമായ സംഭാവനകൾ നൽകിയ നൂറ്റാണ്ടിന്റെ പാരമ്പര്യമുള്ള ചരിത്രസ്മാരകമാണ് IMNSGHSS മയ്യിൽ അവികസിതമായ ഒരു ഗ്രാമത്തിന്റെ വളർച്ചയിൽ വിജ്ഞാനവിസ്ഫോടനത്തിൻ്റെ ദീപശിഖയായി ജ്വലിച്ചു നിൽക്കാൻ ഈ വിദ്യാലയത്തിനു സാധിച്ചു എന്നത് അഭിമാനാർഹമായ വസ്തുതയാണ്. ശ്രീ. ഇടൂഴി മാധവൻ നമ്പൂതിരി 1890ൽ സ്ഥാപിച്ച കുടിപ്പള്ളിക്കൂടം 1919 ൽ നിലത്തെഴുത്ത് പള്ളിക്കൂടമായും 1921ൽ എലിമെന്ററി സ്കൂളായും 1926ൽ ഹയർ എലിമെൻ്ററി സ്കൂളായും വികാസം പ്രാപിച്ചു. ആയുർവ്വേദ ചികിത്സാ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ഏറെ ഭിഷഗ്വരന്മാരെ സംഭാവന ചെയ്ത ഇടൂഴി കുടുംബം സമൂഹപുരോഗതിക്ക് സഹായകരമായ വിധത്തിൽ വിദ്യാഭ്യാസരംഗത്ത് ഇടപെട്ടതിൻ്റെ അനന്തരഫലമാണ് IMNS GHSS മയ്യിൽ. വിദ്യാഭ്യാസത്തെ ധനസമ്പാദന മാർഗ്ഗമായി കണ്ട് വിദ്യാർത്ഥികളിൽ നിന്ന് ഉയർന്ന ഫീസ് വാങ്ങി, അറിവിനെ കച്ചവടമാക്കുന്ന വർഗ്ഗം സമൂഹത്തിൽ വിഷവൃക്ഷമായി പടരുന്ന കാലഘട്ടത്തിലാണ് സ്കൂളും സ്ഥലവും സൗജന്യമായി സർക്കാരിന് നൽകി മാധവൻ നമ്പൂതിരി നിസ്വാർത്ഥതയുടെ പ്രതീകമായി മാറിയത്. 1956ൽ ഹയർ എലിമെന്ററി സ്കൂൾ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും പി. ടി. ഭാസ്കരപണിക്കർ നേതൃസ്ഥാനം വഹിച്ചിരുന്ന മലബാർ ഡിസ്ട്രിക്ട് ബോർഡിന് നൽകുകയായിരുന്നു. 8 ഏക്കർ 97 സെന്റ് സ്ഥലവും കെട്ടിടവും തികച്ചും സൗജന്യമായി നൽകുമ്പോൾ കുടുംബത്തിന് അവകാശമോ മറ്റുവിധ താല്പര്യങ്ങളോ ഉന്നയിക്കുകയുണ്ടായില്ല.

1957ൽ അധികാരമേറ്റ ഇ. എം. എസ് സർക്കാർ സ്കൂൾ ഏറ്റെടുക്കുകയും 1959ൽ മയ്യിൽ ഗവൺമെൻ്റ് ഹൈസ്കൂൾ യാഥാർത്ഥ്യമാ വുകയും ചെയ്തു. 1997ൽ ഹയർസെക്കൻററി ആരംഭിച്ചതോടെ സ്കൂൾ പ്രശസ്തിയുടെ ഉന്നതങ്ങളിലേക്ക് കുതിച്ചു. 1998ൽ ഇടൂഴി മാധവൻ നമ്പൂതിരി സ്മാരക ഗവൺമെൻ്റ് ഹയർസെക്കന്ററി സ്കൂൾ എന്ന്പുനർനാമകരണം ചെയ്യപ്പെട്ടു. കേരളത്തിലെ സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ ബാഹുല്യംകൊണ്ടും അക്കാദമിക മികവുകൊണ്ടും മുൻനിരയിൽ സ്ഥാനമുള്ള വിദ്യാലയമായി IMNS GHSS മയ്യിൽ എന്നും തലയെടുപ്പോടെ നിലനിന്നു. മയ്യിൽ പഞ്ചായത്ത് പരിധിയിലുള്ള വിദ്യാലയമാണെങ്കിലും കണ്ണൂർ ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ നിന്നായി 3500ൽ അധികം വിദ്യാർത്ഥികൾ അറിവിൻ്റെ അക്ഷയഖനി തേടി ഈ വിദ്യാലയത്തിൽ എത്തുന്നു. സ്കൂളിന്റെ അക്കാദമിക മികവിനെ അടയാളപ്പെടുത്തുന്ന വിധം SSLC, +2, USS വിജയങ്ങൾ സംസ്ഥാനതലത്തിൽ തന്നെ തിളക്കമാർന്നതാണ്. 2022-23 വർഷം SSLC റിസൾട്ടിൽ 100% വിജയം ആവർത്തിച്ച തോടൊപ്പം 164 ഫുൾ A+ നേടാൻ കഴിഞ്ഞു. +2 റിസൾട്ടിന്റെ കാര്യത്തിൽ 45 ഫുൾ A+നോടൊപ്പം 1200ൽ 1200 മാർക്ക് നേടിയ വിദ്യാർത്ഥികളുണ്ടായി എന്നത് എടുത്തുപറയേണ്ട വസ്തുതയാണ്. സ്കൂൾ വാഹനങ്ങളില്ലാതെ പൊതുയാത്രാസൗകര്യം മാത്രം ആശ്രയിച്ച് സ്കൂളിലെത്തുന്ന വിദ്യാർത്ഥികൾക്ക് പ്രതീക്ഷകൾക്കനുസരിച്ച വിദ്യാഭ്യാസ പുരോഗതി ലഭിക്കുന്നു എന്നതുതന്നെയാണ് സ്കൂളിലെ വിദ്യാർത്ഥിബാഹുല്യത്തിന് നിദാനം. ലോക പുസ്തക പ്രസാധന ചരിത്രത്തിൽ ഒരധ്യായം എഴുതിച്ചേർത്തുകൊണ്ട് കണ്ണൂർ ജില്ലാ പഞ്ചായത്ത് രൂപം കൊടു ത്തിരിക്കുന്ന പദ്ധതിയാണ് എൻ്റെ വിദ്യാല യം എന്റെ പുസ്തകം. അമ്പതിനായിരത്തി ലധികം വിദ്യാർത്ഥികൾ എഴുത്തുകാരാകു ന്ന, ആയിരത്തി അഞ്ഞൂറോളം കുട്ടികൾ കവർചിത്രം വരക്കുന്ന, ആയിരത്തി അഞ്ഞൂറോളം കുട്ടി എഡിറ്റർമാർ ഉണ്ടാകുന്ന, അത്ര തന്നെ സബ് എഡിറ്റർമാരും ഉണ്ടാകുന്ന ബൃഹദ് പദ്ധതി. അത്രമേൽ ഭാവനാത്മകമായാണ് ഈ പദ്ധതി രൂപകല്പന ചെയ്തിരി ക്കുന്നത്. കുട്ടികൾക്കിടയിൽ പോലും ലഹരി ഉപയോഗം വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ എഴുത്തും വായനയും മറ്റ് സർഗാത്മക പ്രവർത്തനങ്ങളും ലഹരിയാക്കി മാറ്റി വിദ്യാർത്ഥി ജീവിതം ക്രിയാത്മകമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പുസ്തകത്തിലെ ഓരോ രചനയും കുട്ടികളിലെ സർഗാത്മകതയുടെ നേർസാക്ഷ്യങ്ങളാണ്.

# ആശംസ



പൊതുവിദ്യാഭ്യാസ രംഗത്തെ അഭിമാന സ്തംഭമായി നില കൊള്ളുന്ന നമ്മുടെ സ്കൂൾ മികവാർന്ന ഒട്ടേറെ പ്രവർത്തനങ്ങൾക്ക് വേദിയായിട്ടുണ്ട്. ഹൃദയഹാരികളായ ചിത്രങ്ങളാലും രചനകളാലും കഴിവ് തെളിയിച്ച പ്രിയ വിദ്യാർത്ഥികൾക്ക് ആശംസകൾ. "FLYING KITES" എന്ന ഡിജിറ്റൽ മാഗസിൻ ഇത്രമനോഹരമാക്കാൻ പരിശ്രമിച്ച എല്ലാ കുട്ടികൾക്കും ടീച്ചേഴ്സിനും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. നവോന്മേഷത്തോടെ പുത്തൻ ആശയങ്ങൾ ആസ്വാദക ഹൃദയത്തിലേക്ക് പകർത്തുവാൻ നിങ്ങൾക്ക് കഴിയട്ടെ.

HEADMISTRESS

SULABHA.S



നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയാറാക്കുന്ന ഫ്ലയിങ് കൈറ്റ്സ് എന്ന ഡിജിറ്റൽ മാസികയുടെ പ്രവർത്തനങ്ങൾക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

ഓരോ രചനയും ഓരോ വെളിപ്പെടുത്തലാണ്. നിങ്ങളുടെ മനസ്സിന്റെ വെളിപ്പെടുത്തലുകൾക്ക് സമൂഹത്തിൽ നല്ല മാറ്റങ്ങൾ സൃഷ്ടിക്കുന്നതിന് കഴിയട്ടെ എന്നാശംസിക്കുന്നു.

22/06/2024

Anoop Kumar. M. K.
Principal
IMNS Govt. HSS Mayyil
Kannur-670 602



# Itoozhi Madhavan Namboothiri

1901 - 1974



ഇട്ടൂഴിമാധവൻ നമ്പൂതിരി മയ്യിലിലെ പ്രശസ്തനായവൈദ്യർ. അദ്ദേഹം സർക്കാരിലേക്ക്സംഭാവന ചെയ്തതാണഈസ്കൂൾ.ചരിത്ര പ്രകാരം ആയിരത്തി എണ്ണൂറ്റി തൊണ്ണൂറിൽ ശ്രീ. ഇട്ടൂഴി മാധവൻ വൈദ്യർ സ്ഥാപിച്ച കുടിപ്പള്ളിക്കൂടം ആയിരത്തി തൊള്ളായിരത്തി പത്തൊൻപതിൽ നിലത്തെഴുത്ത് പള്ളിക്കൂടമായി മാറി. ആയിരത്തി തൊള്ളായിരത്തി ഇരുപത്തി ഒന്നിൽ എലമെൻ്ററി സ്കൂളും ആയിരത്തി തൊള്ളായിരത്തി ഇരുപത്തി ആറിൽ ഹയർ എലമെൻ്ററി സ്കൂളും ഉയർന്നു.അദ്ദേഹത്തോടുള്ള ആദരസൂചകമായാണ് സ്കൂളിന് ഇട്ടൂഴി മാധവൻ നമ്പൂതിരി മെമ്മോറിയൽ ഹയർ സെക്കൻ്ററി സ്കൂൾ, മയ്യിൽ.എന്ന പേര് നൽകിയത്.ഇന്നും നാട്ടുകാർ നന്ദിയുടെ പേരിൽ അദ്ദേഹത്തെ ഓർമിക്കുന്നു....

ITOOZHI

Estd. 1907

# _കാന്തിയേറും കാന്തല്ലൂർ_



-ശ്രീലക്ഷ്മി എസ് പി-

രാത്രി കിടന്നിട്ട് ഉറങ്ങാൻ സാധിച്ചില്ല. പിറ്റേന്ന് അതിരാവിലെ പുറപ്പെടേണ്ട യാത്രയായിരുന്നു മനസ്സു നിറയെ. കാന്തല്ലൂർ എന്ന പേരിനു തന്നെ ആകർഷണം. അതിനെക്കുറിച്ച് ചിന്തിച്ച് എപ്പഴോ ഉറങ്ങിപ്പോ യി അമ്മ വിളിച്ചപ്പോഴാണ് ഉണരുന്നത്. പെട്ടെന്നു തന്നെ എല്ലാവരും റെഡിയായി. നാലുമണിയോടെ ഒരു ട്രാവലറിൽ ഞങ്ങൾ പുറപ്പെട്ടു. കാന്തല്ലൂർ എത്താറായെന്ന് ഡ്രൈവർ പറഞ്ഞു. കേരളത്തിന്റെ കാശ്മീർ എന്നറിയപ്പെടുന്ന കാന്തല്ലൂർ കാണണമെന്നുള്ള വളരെ നാളായുള്ള ആഗ്രഹമാണ് ഇന്നത് സാധിക്കാൻ പോകുന്നു. സമയം ഉച്ചയായെങ്കി ലും നല്ല തണുത്ത കാറ്റ് വിശുന്നുണ്ടായിരുന്നു. നേരത്തെ ബുക്ക് ചെയ്ത ഹോട്ടലിലേക്കാണ് ആദ്യം പോയത്. അവിടെ ഉച്ചഭക്ഷണം റെഡിയാ യിട്ടുണ്ടായിരുന്നു. ഒരു പ്രത്യേകതരം ബിരിയാണി. ആദ്യമായാണ് ഇങ്ങനെയൊരു ബിരിയാണി കഴിക്കുന്നത്.

ആ ഹോട്ടലിൻ്റെ മുൻവശത്ത് പരേഡിന് നിൽക്കുന്ന പട്ടാളക്കാ രെപോലെ ജീപ്പുകൾ നിർത്തിയിട്ടിരിക്കുന്നു. അദ്ദേഹം ഞങ്ങളോട് പരി- ചിതമായ ഒരാളോട് സംസാരിക്കുന്ന പോലെ കുശലം പറഞ്ഞു. ഒരു ഡ്രൈവറിലുപരി ഒരു ഗൈഡും കൂടിയായിരുന്നു അദ്ദേഹം. ഞങ്ങൾക്ക് ചരിത്രപ്രധാനമായ കാര്യങ്ങൾ അവനിൽ നിന്ന് ലഭിച്ചു.

മധുര രാജാവായിരുന്ന തിരുമലൈ നായ്ക്കർ യുദ്ധത്തിൽ പരാജയപ്പെട്ടപ്പോൾ അവിടെ നിന്നും ആളുകൾ കേരളത്തിന്റെ അതിർത്തി പ്രദേശങ്ങളിലേക്ക് ചേക്കേറി ഉണ്ടാക്കിയ ഊരായിരുന്നത്രേ കാന്തല്ലൂർ.

തോട്ടങ്ങളിൽ പണിയെടുക്കുന്ന ആദിവാസികളും തോട്ടമുടമക ളുമാണ് ഇവിടെ പ്രധാനമായും താമസിക്കുന്നത്. തരംതിരിച്ചുള്ള ഈ ആദിവാസി മേഖലയിൽ വിവിധതരം കൃഷിരീതികളും കാണാം. അങ്ങനെ ഞങ്ങൾ ഒരു വലിയ തോട്ടത്തിനു മുന്നിൽ എത്തി. കാവൽക്കാരൻ വന്ന് ഗേറ്റ് തുറന്നു. ആ തോട്ടം ഞങ്ങളെ വരവേൽക്കാനെന്നോണം പഴങ്ങൾകൊണ്ട് സമൃദ്ധമായിരുന്നു. ആപ്പിൾ മരങ്ങൾക്ക് താഴെ വല കെട്ടിയിരുന്നു. പാകമായ ആപ്പിൾ കട്ടും ചുവപ്പായി തിളങ്ങി നിൽക്കു ന്നുണ്ടായിരുന്നു. കാഴ്ചകൾ കണ്ട ശേഷം ഞങ്ങൾ ഹോട്ടലിലേക്ക് 25 ങ്ങി. പോകുന്ന വഴി റോഡിനിരുവശവും മനോഹരമായ ചന്ദനമരങ്ങൾ ഉണ്ടായിരുന്നു.

പിറ്റേന്ന് രാവിലെ ഞങ്ങൾ പോയത് മറയൂരിലേക്കാണ്. അവിടത്തെ ശർക്കര പ്രസിദ്ധമാണ്. കരിമ്പിൽ നിന്ന് എങ്ങനെയാണ് ശർക്കര ഉണ്ടാക്കേണ്ടത് എന്നവർ കാണിച്ചു തന്നു.

അവിടെ നിന്നും ഔഷധമൂല്യവും മധുരവുമുള്ള ശർക്കര നുണഞ്ഞുകൊണ്ട് ഞങ്ങൾ നാട്ടിലേക്ക് മടങ്ങി.

# കൊട്ടാരങ്ങളുടെ നാട്ടിലേക്ക്



-ആവണി കെ-

ഞാൻ അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് ആദ്യമായി ഒരു ദൂര യാത്ര നടത്തുന്നത്. ഞങ്ങൾ കുട്ടികളും ടീച്ചർമാരും രക്ഷിതാക്കളുമെല്ലാം കൂടി പഠന യാത്ര നടത്തിയത് മൈസൂരിലായിരുന്നു. വിനോദയാത്രക ളിൽ ആദ്യം ഇടംനേടുന്ന സ്ഥലം കൂടിയാണല്ലോ മൈസൂർ ഞങ്ങൾ പുലർച്ചെയാണ് യാത്ര തിരിച്ചത്. വയൽ വരമ്പത്തുകൂടെ ആയിരുന്നു സ്കൂളിൽ ചെന്നത്. അതിലൂടെ നടക്കുമ്പോൾ ഒരു ഇളംകാറ്റ് എന്നെ പതിയെ ഒന്ന് തലോടി. ആഹാ! മഞ്ഞുതുള്ളികൾ കാലിൽ പതിക്കു മ്പോൾ എന്തൊരു കുളിർമ്മയായിരുന്നെന്നോ. ഞാനും എൻ്റെ കൂട്ടുകാരും ബസ്സിന്റെ പുറകിലെ സീറ്റിലായിരുന്നു ഇരുന്നത്. ഇളംകാറ്റിന്റെ തലോ ടലിൽ അൽപം ഞാനങ്ങ് മയങ്ങിപ്പോയി. പതിയെ പതിയെ സൂര്യകിര ണങ്ങൾ എന്റെ കണ്ണിൽ തട്ടിയപ്പോൾ ഞാനെൻ്റെ കണ്ണുകൾ തുറന്നു.

മടിച്ച് മടിച്ച് സൂര്യകിരണങ്ങൾ കാടിനകത്ത് കയറുന്നതേയുള്ളൂ. മാൻ കൂട്ടങ്ങളും മയിൽക്കൂട്ടങ്ങളും കണ്ണിന് വിരുന്നേകി... ഇങ്ങനെ കാഴ്ച കൾ കണ്ട് ഞങ്ങൾ മൈസൂരിലേക്ക് നീങ്ങി. പഴയ രാജനഗരമായ മൈസൂ രിന് പല ഐതിഹ്യങ്ങളും നിറഞ്ഞു നിൽക്കുന്നുണ്ട്. അവിടുത്തെ കെട്ടി ടങ്ങൾക്കും ഒരു പ്രൗഢിയുണ്ട്. ആദ്യം ഞങ്ങൾ പോകാൻ വാശിപിടി ച്ചത് മൃഗശാലയിലായിരുന്നു. അവിടെ മൃഗങ്ങളുടേയും പക്ഷികളുടേയും പൊടിപൂരമായിരുന്നു. ഒരു നിമിഷം ഞാനവിടെ അന്താളിച്ച് പോയിരു ന്നു. കൗതുകകരമായ വിസ്മയിപ്പിക്കുന്ന മായാലോകത്തേക്ക് പോയത് പോലെ എനിക്ക് തോന്നി.

പിന്നീട് ഞങ്ങൾ ഏവരും യാത്രയായത് ചാമുണ്ഡേശ്വരി ക്ഷേത്രത്തിലായിരുന്നു. ചരിത്രമുറങ്ങിക്കിടക്കുന്ന ഒരു ക്ഷേത്രം കൂടി യായിരുന്നു അത്. ക്ഷേത്രത്തിൻ്റെ ഓരോ കോണുകളിലും കുരങ്ങന്മാ രുടെ ഒരു സംഗമം തന്നെ അവിടെ ഉണ്ടായിരുന്നു. ചാമുഡേശ്വരി ക്ഷേ ത്രത്തിലെ ഓരോ ഐതീഹ്യങ്ങളും മനസ്സിൽ എപ്പോഴും തങ്ങി നിൽക്കു അവയാണ്. ക്ഷേത്രത്തിൽ എന്നെ കുറച്ചുനേരം ചിന്തിപ്പിച്ച ഒരു കാഴ്ച്ച

അവിടത്തെ പരിസരങ്ങളിൽ കാണാനിടയായി. എന്താണെന്നോ അവി ടത്തെ ആടുകൾ ഭക്ഷിക്കുന്നത് പ്ലാസ്റ്റിക്കുകളായിരുന്നു. അത് എന്നെ വളരെയധികം സങ്കടത്തിലാക്കി വേഗം തന്നെ ഞാൻ അമ്മയോട് പൈസ വാങ്ങിച്ച് കുറച്ച് പഴങ്ങൾ വാങ്ങി. അത് ഞാൻ അവർക്ക് കൊടു ത്തു. ആടുകൾ അത് കഴിക്കുന്നതു കണ്ടപ്പോൾ പൊടുന്നനെ എന്റെ മനസ്സ് ആർത്തിരമ്പി. അവരത് കഴിക്കുമ്പോൾ എൻ്റെ വയറും നിറഞ്ഞ തുപോലെ എനിക്ക് തോന്നി. അപ്പോഴേക്കും നേരം ഇരുട്ടി തുടങ്ങിയിരു ന്നു. ഞങ്ങൾ ലോഡ്ജിലേക്ക് പോയി. യാത്രാക്ഷീണംകൊണ്ട് കുളിച്ചു കഴിഞ്ഞപ്പോൾ ഒരു കുളിർമ്മ തോന്നി. വേഗം തന്നെ ഭക്ഷണം കഴിച്ച് ഞാൻ കിടന്നുറങ്ങി.

പിറ്റേ ദിവസം അതിരാവിലെ തന്നെ അമ്മ എന്നെ തട്ടിയുണർത്തി 7.45 ആകുമ്പോഴേക്കും ഞങ്ങൾ വീണ്ടും യാത്രയാരംഭിച്ചു. അവസാനം ഞങ്ങൾ പോയത് വൃന്ദാവനത്തിൽ ആയിരുന്നു. അവിടെ കണ്ണിനെ വിസ്മ യിപ്പിക്കുന്ന പൂക്കളുടെ ഒരു ലോകമായിരുന്നു. അവിടത്തെ പൂക്കളുടെ ഗന്ധം പരിസരമാകെ വിരുന്നേകി. കുറേ നടന്നതിനു ശേഷം വെള്ള ച്ചാട്ടം കണ്ടു. എന്തൊരു ഭംഗിയായിരുന്നെന്നോ. അവിടെ നിന്ന് വാട്ടർഫാൾ മ്യൂസിക്ക് ലൈറ്റ് കണ്ടു. പലവർണ്ണത്തിൽ വെള്ളച്ചാട്ടങ്ങൾ ഒഴുകുന്നത് കണ്ണിന് കുളിർമ്മയേകി. അവിടത്തെ കാഴ്ചകളൊക്കെ കണ്ട് ആനന്ദത്തോടെ പിറ്റേദിവസം നാട്ടിലേക്ക് യാത്ര മടങ്ങി.

പോകും വഴി ഞങ്ങൾ കൂർഗ് സന്ദർശിച്ചു. പഴയകാലത്തെ അവിടെ താമസിച്ചിരുന്ന ആളുകളും രാജാക്കന്മാരും അവരുടെ കുടുംബങ്ങളും കൂർഗിൽ നടന്ന യുദ്ധങ്ങളുടെ പ്രതിമകൾ അവിടെ നിറഞ്ഞു നിൽക്കു ന്നുണ്ടായിരുന്നു. യാഥാർത്ഥ്യം തുളുമ്പുന്ന ചിത്രങ്ങളായിരുന്നു അവ. മുളങ്കൂട്ടങ്ങളും അവിടെ കാണാൻ സാധിച്ചു. ഇടയ്ക്ക് അവിടെ നിന്ന് പക്ഷികളുടെ മണിനാദം കേൾക്കുന്നുണ്ടായിരുന്നു. അതൊക്കെ കണ്ട് കഴിഞ്ഞ് നാട്ടിലേക്ക് രാത്രിയോടെ എത്തി. ജീവിതത്തിൽ എപ്പോഴും നിറഞ്ഞിരിക്കുന്ന എന്റെ ആദ്യത്തെ വിനോദയാത്ര.....!

# എന്റെ കൂട്ടുകാരി....



അന്ന് പാടിയ പാട്ടിലും
ഇന്ന് പൂത്തൊരു പൂവിലും
നിന്റെ ഗന്ധം ഞാനറിഞ്ഞു.
എന്റെ നോവിന്റെയുള്ളിലും
കണ്ണുനീരിന്റെയുപ്പിലും
ഒട്ടു ദൂരെയല്ലാതെ
നിന്റെ രൂപവും ഞാനറിഞ്ഞു.
കൈവിരലറ്റത്തെ കോൾമയിൽ കൊള്ളിച്ച
മഞ്ഞുതുള്ളിയാംകുഞ്ഞു
കുളിരിലു
നെറ്റിമേലങ്ങു ഞാന്നു
കിടക്കുന്ന സ്നേഹത്തിൻ
വിയർപ്പു കണത്തിലും
നിന്റെ നിശ്വാസത്തിൽ
ചൂടുകാറ്റെന്നെത്തേടി
യെത്തിയതെപ്പോഴും
കണ്ണിലുണ്ണി പോൽ
ഞാനറിഞ്ഞീടുന്നു....

എങ്കിലുമെന്നുടെ
കുഞ്ഞു വിരലിന്റെ
യോരത്തുമെല്ലൊന്നു
തൊട്ടു തലോടിയിരുന്നു
കൊണ്ടെഭന്നോട് കൊച്ചു
വിശേഷങ്ങളോതി
ച്ചിരിക്കുവാൻ
വന്നതില്ല നീയെന്റെ
ഹൃത്തടത്തിന്റെ
കാവലാളായവൾ ....
കാത്തിരിക്കുന്നു
ഞാൻ വഴി വിളക്കുമായി
ഒട്ടു ദൂരെയല്ലാതെ
നീയുമെന്നരികു ചേർന്നൊട്ടിയിരിക്കുവാൻ
കുഞ്ഞു തെന്നലായി
പറന്നു വരുന്നതും....

- പായൽ കെ പി

# അവാർഡ്കിട്ടേണ്ട ചില അധ്യാപകന്മാർ

ചിലരങ്ങനെയാണ് ....
മാഷെപ്പോലെയാണ് ....
മനുഷ്യനെപ്പോലെയാണ് ....

അപ്പോ പെരുത്ത സംശയം
മാഷെങ്ങനെയാണ് ....
മനുഷ്യനെങ്ങനെയാണ്....

ഇന്നത്തെ പ്രഭാതം
ഞാനാർക്കു വേണ്ടി
യാണുണരേണ്ടത്?
മാഷ്ടെ ചോദ്യം ....
ഇരുട്ടിലേക്കു നോക്കി
മനസിനോടു ചോദിച്ചു...

ഇന്നലെ റോഡരികിൽ
തട്ടുകടയിൽ കണ്ട
നാലാം ക്ലാസുകാരന്റെ
വീട്ടിലൊന്നു കേറണം....
അതെ, അവന്റെ വീടൊന്നു
കാണണം ......

തട്ടുകടയിൽ കയറിയപ്പോ
ഴവൻ തന്ന ചായക്കൊപ്പം
തുളുമ്പി വീണ കണ്ണീരു --
പ്പിന്റെ വേരറുക്കണം .....

അതെ മാഷങ്ങനെയാണ്...
മനുഷ്യനെ പോലെയാണ് ....

ക്ലാസിലെത്തിയാൽ
കോപ്പി ബുക്കിലെഴുതാൻ
കടലാസ് പെൻസിൽ
കാണാതെടുത്ത
രണ്ടാം ക്ലാസുക്കരിക്ക്
നല്ല നിറമുള്ള തെളി -
ച്ചമുള്ള പെൻസിൽ
സമ്മാനിക്കണം ....
കാരണം ഇന്നവളുടെ
പിറന്നാളാണ് ....
അവളതറിഞ്ഞതേ
യുണ്ടാകില്ല.....
അല്ലെങ്കിലും വിശക്കുന്ന
വന്റെ തിരുനാളുകൾ
ക്കെപ്പഴാണ് തിളക്കം?

മാഷിപ്പോഴും അങ്ങനെ
തന്നെയാണ് ....
മനുഷ്യനെ പോലെയാണ് ....

ഉച്ചയൂണില്ലാതെ എന്നും
കിണറ്റുകരയിൽ
ആരും കാണാതെ കരയുന്ന പന്ത്രണ്ടു വയസു
കാരനെ കാണാൻ

മെല്ലെ ഒരു ചൂരലുമായി
ഏഴിന്റെ വരാന്തയിലെത്തി
മെല്ലെ മാടിവിളിച്ചു
ഒരു കുഞ്ഞാടിന്റെ

മിഴിയേറുമായവൻ
കൈ പിറകിൽ കെട്ടി
നടന്നു വന്നു
മുന്നിൽ നിന്നു കൈനീട്ടി ..

അവനായി കൊണ്ടുവന്ന
പൊതിച്ചോറ് കൈയിൽ
വെച്ചു കൊണ്ടു
തിരിഞ്ഞു നടന്നു ...

മാഷ് അതു തന്നെയാണ്
മനുഷ്യനാണ്....
മനുഷ്യൻ തന്നെയാണ് ....

സ്കൂൾ വിട്ടു കുടമായി
വീട്ടിലേക്കോടുന്ന കുട്ടു
കാരനെ ദയനീയമായി
നോക്കുന്ന അഞ്ചാം
ക്ലാസിലെ നീലക്കണ്ണുള്ള
കുസൃതിക്കുടുക്കയെ
തന്നരികിൽ ചേർത്തു
നിർത്തി പുള്ളിക്കുടയൊ
രെണ്ണം നിവർത്തി നല്കി ...
പൊന്നോമൽ ചിരിയോട
വൾ പാഞ്ഞു പോകെ ....
ചുണ്ടിൽ ചെറു ചിരിയുമായി മാഷ്
നടന്നകന്നു....

ഇപ്പോഴും മാഷങ്ങനെ
തന്നെയാണ്....
മനുഷ്യൻ തന്നെയാണ്
..........
വായനശാലയിൽ ....
അമ്പലത്തിന്നരികിൽ
പള്ളി മുറ്റത്ത് ....
മഠത്തിൻ കുളക്കടവിൽ
ബസ് സ്റ്റോപിൽ .....

മാഷ്.... മാഷ് തന്നെയാണെ
പ്പഴും ....
മനുഷ്യനാണെപ്പഴും...
കരുണയാണെപ്പഴും ....
കനിവാണെപ്പഴും ...

മാഷ്... മറക്കാനാവാത്ത
മനുഷ്യനാണെപ്പഴും

– ഹരിനന്ദ് വി

# അമ്മ

അമ്മ എന്ന രണ്ടക്ഷരത്തിൽ
നിറയെ സ്നേഹമുണ്ട്
അമ്മയുടെ മധുരമായ ശബ്ദം-
 കൊണ്ട് പാടുന്ന പാട്ട്
എന്റെ  മനസ്സിനെ കുളിർപ്പിക്കുന്നു.
തന്റെ അമൃതമായ വാക്ക്കൊണ്ട് എന്റെ
മുഖത്തിൽ പുഞ്ചിരി കൊണ്ടുവരുന്നു.
അമ്മയോപ്പം ചിലവഴിക്കുന്ന ഓരോ
 നിമിഷവും വളരെ വിലപ്പെട്ടതാണ്.
 തന്റെ ഓരോ പ്രവർത്തികൊണ്ടും
 ഓരോ വാക്കുകൊണ്ടും എന്നെ സന്തോഷിപ്പിച്ചു.
തന്റെ മടിയിൽ കിടന്നുറങ്ങുമ്പോൾ
കിട്ടുന്ന സന്തോഷം ഒരു പട്ടുമെത്തയിൽ
കിടന്നാലും ലഭിക്കില്ലാ.
എന്റെ ദുഃഖത്തിൽ പുഞ്ചിരിവിടർത്തും എൻ  അമ്മ
ഇരുട്ടിനെ അകറ്റുന്ന നിലാവിനെ പോലെ
 ജീവിതത്തെ, പ്രകാശിപ്പിച്ചു.
തന്റെ സ്നേഹത്തിന് പകരമായ്
 തന്റെ കരുതലിന് പകരമായ്
ഞാൻ പകരമായ് എന്ത് നൽകും അമ്മേ

NANDHANA M

# ARTS CLUB









# ECO CLUB











# SPC



HIROSHIMA DAY



ANTI-DRUGS DAY



ENVIRONMENTAL DAY



SPC PARADE





INDEPENDANCE DAY

SPC

ഒരു കമ്മ്യൂണിറ്റിയിലെ വിദ്യാഭ്യാസ, നിയമ നിർവ്വഹണ അധികാരികൾ തമ്മിലുള്ള ഒരു അസോസിയേഷനാണ് SPC പ്രോജക്റ്റ്.

നിയമത്തോടുള്ള ബഹുമാനം, പൗരബോധം, സമൂഹത്തിലെ ദുർബല വിഭാഗങ്ങളോടുള്ള സഹാനുഭൂതി, സാമൂഹിക തിന്മകൾക്കെതിരായ പ്രതിരോധം എന്നിവ ആജീവനാന്ത വ്യക്തിഗത ശീലങ്ങളായി പ്രകടിപ്പിക്കുന്ന ഉത്തരവാദിത്തമുള്ള പൗരന്മാരായി വിദ്യാർത്ഥികളെ വളർത്തിയെടുക്കുന്നതിനുള്ള ഘടനാപരമായ ദ്വിവത്സര പരിശീലന പരിപാടിയാണ് ഈ പ്രോജക്റ്റ് ഉൾക്കൊള്ളുന്നത്.

സുരക്ഷിതവും ആരോഗ്യകരവുമായ അക്കാദമിക് ചുറ്റുപാടുകൾ, മയക്കമരുന്ന്-മയക്കമരുന്ന് രഹിത പരിസരം, സ്കൂളുകളിലെ വിദ്യാർത്ഥികൾക്കിടയിൽ നല്ല മൂല്യങ്ങൾ ശക്തിപ്പെടുത്തൽ എന്നിവ ഉറപ്പാക്കി സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിക്കാൻ സന്നദ്ധരായ യുവാക്കളെ ഈ പദ്ധതി സൃഷ്ടിക്കുന്നു.

സുരക്ഷിതവും ആരോഗ്യകരവുമായ കമ്മ്യൂണിറ്റികൾ സൃഷ്ടിക്കുന്നതിന് നിയമപാലകരുമായി സഹകരിച്ച് പ്രവർത്തിക്കാൻ പ്രോജക്റ്റ് മാതാപിതാക്കളെയും കമ്മ്യൂണിറ്റി നേതാക്കളെയും ഉത്തേജിപ്പിക്കുന്നു.

# J R C









ANTI
DRUG
DAY

ISRAEL
GASA






# JRC

2016 –2017 കാലഘട്ടത്തിൽ എൽ.എഫ്.ജി.എച്ച്.എസ്. ചേലക്കരയിൽ റെഡ് ക്രോസിന്റെ യൂണീറ്റ് ആരംഭിച്ചു. റെഡ്ക്രോസിന്റെ മുദ്രാവാക്യം ആരോഗ്യം, സേവനം, സൗഹൃദം എന്നാണ് 30 കുട്ടികളായിട്ടാണ് നമ്മൾ ആദ്യം തുടങ്ങിയത്. ഓരോ മാസത്തിലുള്ള പ്രവർത്തനങ്ങൾ കൃത്യമായി ചെയ്ത്തു തീർക്കുന്നു. 2021 - 2022 കാലഘട്ടത്തിൽ വന്നു നിൽക്കുമ്പോൾ High School വിഭാഗത്തിൽ 147 കുട്ടികളും യു.പി. വിഭാഗത്തിൽ 40 കുട്ടികളുമായി നിൽക്കുന്നു. റെഡ് ക്രോസിന്റെ നേതൃത്വം വഹിക്കുന്ന അധ്യാപകർ ശ്രീമതി. അൽഫോൺസ് , ശ്രീമതി. സിനി ടി.പി. എന്നിവരാണ്.

# N C C

NATIONAL
CADET
CORPS













# NCC

1917-ൽ തുടങ്ങിയ "യൂണിവേഴ്സിറ്റി കോർപ്സ്"-ആണ് എൻ.സി.സി.യുടെ മുൻഗാമി.ഇന്ത്യൻ പ്രതിരോധ മന്ത്രാലയത്തിന് കീഴിലാണ് ഇത് പ്രവർത്തിക്കുന്നത്.ഇത് ഒരു ഇന്ത്യൻ അർധ സൈനിക വിഭാഗമാണ്.1946-ൽ നിയമിക്കപ്പെട്ട എച്ച്,എൻ.ഖുന്സ്രു കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് ഇത് സ്ഥാപിക്കപ്പെട്ടത്. 1948 ജൂലായ് 15-ന് ഇന്ത്യയിൽ ഔപചാരികമായി എൻ.സി.സി. ഉദ്ഘാടനം ചെയ്യപ്പെട്ടു. തുടക്കത്തിൽ ജൂനിയർ, സീനിയർ എന്നീ രണ്ടു വിഭാഗങ്ങൾക്ക് രൂപം നൽകി. ആർമി, എയർഫോഴ്സ് കോറുകളാണ് രൂപവത്കരിച്ചത്. 1949-ൽ ഗേൾസ് ഡിവിഷനും നിലവിൽ വന്നു. 1952 ജൂലായിൽ നേവൽ വിങ്ങും രൂപീകൃതമായി. കേണൽ ജി.ജി. ബിവേൺ ആയിരുന്നു എൻ.സി.സി.യുടെ ആദ്യ ഡയറക്ടർ. 1954 ലാണ് റിപ്പബ്ലികദിന പരിപാടിയിൽ എൻ.സി.സി. കേഡറ്റുകളെ ആദ്യമായി പങ്കെടുപ്പിച്ചത്. അവരുടെ പ്രകടനം കണ്ട സന്തോഷം പൂണ്ട അന്നത്തെ പ്രധാനമന്ത്രി ജവാഹർലാൽ നെഹ്റൂ ഏറ്റവും നല്ല കേഡറ്റിന് അദ്ദേഹത്തിന്റെ ബട്ടൺ സമ്മാനിച്ചു. ഇത് ഒരു കീഴ്വഴക്കമാവുകയും തുടർന്നുള്ള എല്ലാ റിപ്പബ്ലിക് ദിന പരേഡുകളിലും മികച്ച കേഡറ്റിനെ ആദരിക്കുന്ന രീതി തുടരുകയും ചെയ്തു. 1954-ൽതന്നെ എൻ.സി.സി. പതാകയും നിലവിൽ വന്നു.

# Little Kites activities











# Kites Freedom Fest















# science fair















# EDITORIAL BOARD

AKSHARA BHASKARAN

AMISHA R NAMBIAR

FATHIMATUL RIZWA

NANDANA VIJESH

PAYAL K P

ABHIRAM MANOJ

AFROZ ADAM

HARINAND V

NANDAGOPAL R

THARUN PRADEEP

# നന്ദി

